INTERNATIONAL BACCALAUREATE
BACCALAURÉAT INTERNATIONAL
BACHILLERATO INTERNACIONAL

M01/191/S(1)

**MALAYALAM A1 – STANDARD LEVEL – PAPER 1**
**MALAYALAM A1 – NIVEAU MOYEN – ÉPREUVE 1**
**MALAYALAM A1 – NIVEL MEDIO – PRUEBA 1**

Thursday 17 May 2001 (afternoon)
Jeudi 17 mai 2001 (après-midi)
Jueves 17 de mayo de 2001 (tarde)

1 hour 30 minutes / 1 heure 30 minutes / 1 hora 30 minutos

---

INSTRUCTIONS TO CANDIDATES

- Do not open this examination paper until instructed to do so.
- Write a commentary on one passage only. It is not compulsory for you to respond directly to the guiding questions provided. However, you may use them if you wish.

INSTRUCTIONS DESTINÉES AUX CANDIDATS

- Ne pas ouvrir cette épreuve avant d'y être autorisé.
- Rédiger un commentaire sur un seul des passages. Le commentaire ne doit pas nécessairement répondre aux questions d'orientation fournies. Vous pouvez toutefois les utiliser si vous le désirez.

INSTRUCCIONES PARA LOS ALUMNOS

- No abra esta prueba hasta que se lo autoricen.
- Escriba un comentario sobre un solo fragmento. No es obligatorio responder directamente a las preguntas que se ofrecen a modo de guía. Sin embargo, puede usarlas si lo desea.

**താഴെ കൊടുത്തിരിക്കുന്ന ഉദ്ധരണിയെ അവലംബിച്ച് ആസ്വാദനപഠനം നടത്തുക.**

## 1(a) അലകളും ചുഴികളും

ശ്രാവണമാസത്തിലെ പൗർണ്ണമി. സായംസന്ധ്യ. സൂര്യൻ തന്റെ ശോഭനമായ കർത്തവ്യം ചന്ദ്രനെ ഏല്പിച്ചു മറയാൻ പോവുന്നു. ഇളംകാറ്റുവീശുന്നു. ഗംഗയുടെ ഉപരിതലത്തിലൂടെ, മനുഷ്യാത്മാവിന്റെ വാസനകൾ പോലെ, അലകൾ ഇളകി മറിയുന്നു. ഒന്നു മാഞ്ഞാൽ മറ്റൊന്ന് പിന്നെയും ഒന്ന്. പരമ്പര. നിരന്തരാവർത്തനം. വെയിലും നിലാവും കൂടികലർന്ന വെളിച്ചത്തിൽ ഒരലൗകിക ശാന്തി തങ്ങി നിന്നു. സാധാരണ ഈ മാതിരി ദിവസങ്ങളിൽ യോഗിനീമഠത്തിലെ മാതാവു ശിഷ്യകളോടു കൂടി വളരെ നേരം കീർത്തനം പാടി ഇരിക്കാറുണ്ട്. അനേകമാളുകൾ അതുകേൾക്കു വാൻ വന്നുകൂടും. അവരെ സ്സംബന്ധിച്ചിടത്തോളം മാതാജിയെ ഒന്നു കാണുക എന്നതുതന്നെ തീർത്ഥസ്നാനത്തിലേറെ പുണ്യകരമായിരുന്നു.

പക്ഷേ ഇന്നു മാതാജി ഏതോ ഒരു സ്ത്രീയുടെ അപമര്യാദാകരമായ ചോദ്യം കേട്ടു ക്ഷോഭിച്ച് ഇളകിപ്പോയിരിക്കുന്നു. അവർ നടക്കുകയല്ല, ഓടുകയാണുണ്ടായത്. എന്തിൽ നിന്നോ രക്ഷപ്പെടാൻ ആഗ്രഹിക്കുന്നതുപോലെ– ആരിൽ നിന്നോ ഒളിച്ചു മാറാൻ ശ്രമിക്കുന്നതുപോലെ – ശിഷ്യകൾക്കു പിൻതുടരാൻ വയ്യാത്തത്ര വേഗത്തിൽ അവർ ഓടി. നാലുകാതം, എട്ട് കാതം, നൂറുയോജനയായാൽ പോലും താനിത്രയും വേഗത്തിൽ ഓടുമായിരുന്നു എന്നു തോന്നും മട്ടു കണ്ടാൽ. പിൻനിഴൽ നീണ്ടുനീണ്ടു തുടർന്നു. അവസാനം യോഗിനീ മഠത്തിന്റെ മുറ്റത്തുചെന്നപ്പോഴേയ്ക്കും അവർ വല്ലാതെ കിതച്ചിരുന്നു. എന്നിട്ടും വകവയ്ക്കാതെ ധ്യാന മുറിയിൽ കയറി വിളക്കു വെച്ചുനമസ്കരിച്ചു. എന്തും സഹിക്കാനുള്ള ശക്തി തരണേ! "എന്തും എന്തും ............."

വളരെ നാൾ കൂടി ഇന്ദ്രിയങ്ങൾ കെട്ടുപൊട്ടിച്ചിരിക്കുന്നു. ബോധമണ്ഡലം വിറക്കൊള്ളുന്നു. ജന്മത്തിന്റെ തന്നെ അവസാനമായോ എന്ന ചിന്തയുണ്ടായി മാതാജിക്ക്. അവർ തളർന്നുപോയി.

യോഗിനീമഠത്തിലെ മാതാവിനെസ്സംബന്ധിച്ചിടത്തോളം ഇതെല്ലാം അഭൂതപൂർവ്വ മായ സംഭവങ്ങളായിരുന്നു.

അത്യുഗ്രമായ വ്രതനിഷ്ഠയുള്ള തപസ്വിനിയാണ് സുമിത്രാനന്ദയോഗിനി. വളരെ നാൾ അവർ ഏകാന്ത തപം ചെയ്തിരുന്നുവത്രേ. മനുഷ്യരേ കാണുകയില്ല. നോക്കു കയില്ല, മിണ്ടുകയില്ല. പിന്നെയാണ് സ്വാമിജിയെ കണ്ടത്. അദ്ദേഹം അവരുടെ ലോക വിദ്വേഷപരമായ ഊഷ്മളത കുറച്ചു. സൗമ്യയായ മാതാജിയാക്കിത്തീർത്തു അദ്ദേഹം. "നിന്നെക്കാൾ ദു:ഖിതരായ അനേകം സ്ത്രീകൾ ലോകത്തുണ്ട്. അവരെ ആശ്ലേഷിക്കു. സമാധാനിപ്പിക്കു. ശാന്തി കിട്ടും". ആ നിർദ്ദേശം ശ്രവിച്ചിറങ്ങിയതാണ്. അനേകം അഭാഗകൾക്ക് അവർ ആശ്രയം കൊടുത്തു.

**അഗ്നിസാക്ഷി**
**ലളിതാംബിക അന്തർജ്ജനം**
**കറന്റ് ബുക്സ് (1998)**

ഉദ്ധരണിയിലെ സന്ദേശം എന്ത്?
പ്രതിപാദന രീതിയിലെ ആസ്വാദ്യത എത്രത്തോളം?
യോഗിനിയുടെ അവതരണവും പങ്കും വിശദമാക്കുക.

**1 (b)**

എണ്ണതീർന്നു കെടുന്നു പകലൊളി
കണ്ണുപൊത്തുമിരുട്ടു വരികയായ്;
പാറുകയാണു കാറ്റിൽ, നരച്ചൊരീ-
ക്കൂരതന്നുച്ചിരോമങ്ങളൊക്കെയും.
വിണ്ണിലേക്കുറ്റുനോക്കി നിൽക്കുന്നിതാ-
വിണ്ടുനിൽക്കുന്ന മൺചുമരിൻമിഴി.
നാഗസുന്ദരഗീതികൾ തേടി,യീ
ലോകമൊക്കയും തേടിയലഞ്ഞു ഞാൻ
ചിന്തതൻ പഴമ്പായിൽ കിടക്കയൊ-
മന്ധകാരത്തിലി-ശ്ശൂന്യഗേഹത്തിൽ!
ഇക്കുടിൽവിളക്കായ് പ്പനിമതി-
പ്പൊൽക്കുളിർ കലയായി, മൽപ്രാണനായി,
കോമളബാലനുണ്ടായിരുന്നു,മൽ-
പ്രേമശൂന്യനിശയിലെച്ചന്ദ്രനായ്
ദാരുണമിന്നു പൂർവ്വകഥകൾ;ഞാ-
നേറെ നോവിച്ചു മൽ പ്രിയപുത്രനെ
പൊണ്ണനെൻ തടി വീർപ്പിച്ചു വന്നു ഞാൻ
വെണ്ണയും പാലമുണ്ണിക്കു നൽകാതെ,
വെള്ളികൊണ്ടു തളകൾ തീർത്തീല ഞാൻ
പൊന്നുകിങ്ങിണിയൊന്നണിയിച്ചീല
ചേലിലെൻ മകനൂതുവാൻ വാങ്ങീല
നാലുകാശിനൊരോടക്കുഴലു ഞാൻ
ദുഷ്ടനായ ഞാൻ ചന്തയിൽച്ചെന്നൊരു
പട്ടുകോണകം വാങ്ങിക്കൊടുത്തീല.

**തിരുമുടിമാല**
**പി.കുഞ്ഞിരാമൻ നായർ (1976)**

കവിതയിലെ വ്യംഗ്യം എന്താണ്?
കവിയുടെ പ്രകൃതിവർണ്ണന എങ്ങനെ?
ഈ കവിതയിലൂടെ ദൃശ്യമാകുന്ന കവിഭാവന വ്യക്തമാക്കുക.